നം. സി.ഇ.ഇ/3932/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**<u>പത്രക്കുറിപ്പ്</u>**

# 2008ലെ മെഡിക്കൽ കോഴ്സുകളിലേക്ക് നടത്തിയ പ്രത്യേക ഓൺലൈൻ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**സൂചന:- (1) Order of the Hon'ble Supreme Court in W.P.(C)No.500/2008, Dated: 21.11.2008.**
**(2) G.O.(Rt)No. 4197/2008/H&FWD.Thiruvananthapuram, Dated: 17.12.2008.**

2008ലെ മെഡിക്കൽ-എൻജിനീയറിംഗ് കോഴ്സുകളിലേയ്ക്ക് 31.10.2008ന് പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ സർക്കാർ/എയ്ഡഡ് കോളേജുകളിൽ മെഡിക്കൽ വിഭാഗത്തിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ പ്രത്യേക ഓൺലൈൻ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓരോ വിദ്യാർത്ഥിക്കും ലഭിച്ച അലോട്ട്മെന്റും അടയ്ക്കേണ്ട ഫീസിനെക്കുറിച്ചുള്ള വിശദാംശങ്ങളും തങ്ങളുടെ ഹോം പേജിൽ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയും.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **2008 ഡിസംബർ 23 മുതൽ 27 വരെ തീയതികളിൽ** എസ്.ബി.റ്റി യുടെ തെരെഞ്ഞെടുത്ത ശാഖകളിൽ ഫീസ് അടയ്ക്കേണ്ടതാണ്.

**23.12.2008 രാവിലെ 10 മണി മുതൽ 27.12.2008 വൈകുന്നേരം 5 മണി വരെ,** വിദ്യാർത്ഥികൾക്ക് അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. തൃപ്തികരമായ അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാൻ താത്പര്യമുള്ളവർ, <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**മലപ്പുറം, കോട്ടയ്ക്കൽ, വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ** ഒഴിവുവന്നിട്ടുള്ള **3** സീറ്റുകളിലേക്കുകൂടി താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകാവുന്നതാണ്.

**ഡിസംബർ 27-ാം തീയതി വരെ** ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റ് പ്രകാരം ലഭിച്ച അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതും, ഈ സീറ്റുകൾ ഒഴിവുകളായി പരിഗണിച്ച് **31.12.2008** ന് വൈകുന്നേരം ഒരു അലോട്ട്മെന്റ് കൂടി പ്രസിദ്ധീകരിക്കുന്നതുമാണ്.

**22.12.2008** ന് അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച എല്ലാ വിദ്യാർത്ഥികളും **31.12.2008** ന് <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റ് സന്ദർശിച്ച്, അവരവരുടെ ഹയർ ഓപ്ഷൻ അനുസരിച്ച് അലോട്ട്മെന്റിൽ മാറ്റം വന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം **31.12.2008** ന് ഹയർ ഓപ്ഷനിൽ അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികളും, പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളും അതാതു കോഴ്സിലേയ്ക്കുള്ള ഫീസ്, അവരവരുടെ അലോട്ട്മെന്റ് പേജിൽ അനുശാസിക്കുന്ന പ്രകാരം **2009 ജനുവരി 1, 2, 3 തീയതികളിൽ** എസ്.ബി.റ്റിയുടെ തെരെഞ്ഞെടുത്ത ശാഖകളിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച വിദ്യാർത്ഥികൾ **2009 ജനുവരി 1-ാം തീയതി മുതൽ 6-ാം തീയതിക്കകം അതാതു** കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

തിരുവനന്തപുരം

22.12.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**